473171/2023/B TC

I/119639/2023

*നമ്പർ.ബി1/176/റ്റിസി/2022*

# ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[(0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ-tcoffice.mvd@kerala.gov.in ]

**തീയതി:** 17-04-2023

## <u>സർക്കുലർ നം.10/2023</u>

വിഷയം:- **മോട്ടോർ വാഹന വകുപ്പ്** – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി, ചാരിറ്റബിൾ ഓർഗനൈസേഷൻ, സ്പെഷ്യൽ സ്കൂൾ തുടങ്ങിയ സ്ഥാപനങ്ങളുടെ വാഹനത്തിന്റെ നികുതി ഇളവ്, ഒറ്റത്തവണ നികുതി അടയ്ക്കുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് ആദ്യ അഞ്ച് വർഷത്തേക്ക് നൽകിയിരുന്ന 50% നികുതിയിളവ് പിൻവലിക്കൽ – എന്നിവ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ – സംബന്ധിച്ച്.

പരാമർശം :- 1) ഗതാഗത കമ്മീഷണറുടെ 6/2022 നം സർക്കുലർ

2) 31/03/2023 –ലെ G.O.(P).No.5/2023/Tran[SRO No. 451/2023].

3) 30/03/2023 –ലെ G.O.(P).No.4/2023/Tran[SRO No. 447/2023].

4) 31/03/2023 –ലെ G.O.(P).No.6/2023/Tran[SRO No. 450/2023].

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു. 2023 –ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവിധ വിഷയങ്ങൾ സംബന്ധിച്ച് സൂചന(2), (3), (4) എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. **<u>ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി</u>**

കഴിഞ്ഞ വർഷം സർക്കാർ പ്രഖ്യാപിച്ചിരുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സൂചന(2) പ്രകാരം ഈ വർഷവും തുടരുന്നതാണ്. ഈ വർഷം പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി 01/04/2019 മുതൽ 31/03/2023 വരെയുള്ള കുടിശിക നികുതിയാണ് ഈടാക്കേണ്ടത്. ആയതിലേക്കായി 6/2022 എന്ന സർക്കുലറിൽ സൂചിപ്പിച്ചിട്ടുള്ള 01/04/2018, 31/03/2022, 31/03/2023 എന്നീ കാലയളവുകൾ യഥാക്രമം 01/04/2019, 31/03/2023, 31/03/2024 എന്നിങ്ങനെ മാറ്റി പ്രസ്തുത സർക്കുലർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. സർക്കുലർ 6/2022 -ന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിച്ചിരിക്കുന്നു.

2. <u>**ചാരിറ്റബിൾ ഓർഗനൈസേഷൻ / സ്പെഷ്യൽ സ്കൂൾ എന്നിവയുടെ പേരിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾക്കുള്ള നികുതിയിളവ്**</u>

മാനസിക / ശാരീരിക വൈകല്യമുള്ളവരും മൂകർ, ബധിരർ, അനാഥർ, മുതിർന്ന പൌരൻമാരെ സംരക്ഷിക്കുന്ന സ്ഥലം, കുഷ്ഠം, ക്ഷയം എന്നിവ ബാധിച്ചവരെ സംരക്ഷിക്കുന്ന സ്ഥലം തുടങ്ങിയവരെ പരിപാലിക്കുന്ന ചാരിറ്റബിൾ ഓർഗനൈസേഷന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ [7 –നു് മുകളിൽ സീറ്റുകൾ ഉള്ളവ] ക്കും മാനസിക/ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികളും, സെറിബ്രൽ പാൾസി, അന്ധത എന്നിവ ബാധിച്ച വിദ്യാർത്ഥികളും പഠിക്കുന്ന അൺ എയിഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകളുടെ പേരിൽ രജിസ്റ്റർ ചെയ്ത എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾക്കും ഉള്ള നികുതി സർക്കാർ സ്കൂളുകളിലെ ബസ്സുകളുടെ നികുതി നിരക്കിൽ ഈടാക്കിയാൽ മതിയാകുമെന്ന് സൂചന(3) പ്രകാരം സർക്കാർ ഉത്തരവായിരിക്കുകയാണ്. 13/07/1999 –ലെ SRO.No.610/99 എന്ന ഉത്തരവിനു പകരമുള്ള മേൽ ഉത്തരവിൽ ഈ സ്ഥാപനങ്ങളിലെ വാഹനങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കുറഞ്ഞ നിരക്കിലുള്ള നികുതി ഈടാക്കേണ്ടതെന്നും നിഷ്കർഷിക്കുന്നുണ്ട്. മാത്രമല്ല, പ്രസ്തുത വാഹനങ്ങൾ മേൽ വിഭാഗത്തിലുള്ള വ്യക്തികളുടെ/വിദ്യാർത്ഥികളുടെ യാത്രാ സൌകര്യങ്ങൾക്ക് മാത്രമാണ് ഉപയോഗിക്കുന്നതെന്ന് നിരന്തര വാഹന പരിശോധനകൾ വഴി ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

3. <u>**15 വർഷത്തെ ഒറ്റത്തവണ നികുതി അടയ്ക്കുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് ആദ്യ 5 വർഷത്തേയ്ക്ക് നൽകിയിരുന്ന 50% നികുതിയിളവ് പിൻവലിക്കൽ**</u>

ബാറ്ററിയിൽ പ്രവർത്തിക്കുന്ന(ഇലക്ട്രിക്) മോട്ടോർ സൈക്കിൾ, സ്വകാര്യ മുചക്ര വാഹനങ്ങൾ, മോട്ടോർ കാറുകൾ, സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾ [PSV for Personal Use], മോട്ടോർ ക്യാബ് , ടൂറിസ്റ്റ് മോട്ടോർ ക്യാബ് എന്നിവയ്ക്ക് 01/04/2023 മുതൽ 15 വർഷത്തേക്കുള്ള ഒറ്റത്തവണ നികുതി വാഹന വിലയുടെ 5% ആയിരിക്കും.

**S SREEJITH I P S**

**#ApprovedByDesignation#**

473171/2023/B TC

I/119639/2023

പകർപ്പ്:-

1. ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ(എൻഫോഴ്സ്മെന്റ്) / സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ(ടാക്സേഷൻ) / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / സീനിയർ ഫിനാൻസ് ഓഫീസർ / സീനിയർ ലോ ഓഫീസർ എന്നിവരുടെ സി.എ മാർക്ക്.
2. സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ / അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ / അക്കൌണ്ട്സ് ഓഫീസർ / അക്കൌണ്ട്സ് ഓഫീസർ (ഓഡിറ്റ്).
3. എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും / റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും / മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്കും – ചെക്ക് പോസ്റ്റിന്റെ ചുമതലയുള്ള(തുടർ നടപടികൾക്കായി).
4. നോഡൽ ഓഫീസർ (വെബ് സൈറ്റ്) / എസ്.എസ്.ജി. സെൽ / (ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ www.mvd.kerala.gov.in പ്രസിദ്ധീകരിക്കുന്നതിനും സോഫ്റ്റ് വെയർ സജ്ജീകരിക്കുന്നതിനും.